**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1216** **07-02-2023 - ൽ മറുപടിയ്ക്ക്**

**ആറ്റിങ്ങൽ നിയോജക മണ്ഡലത്തിലെ ആലംകോട്-മീരാൻകടവ് റോഡിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഒ എസ് അംബിക | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ആറ്റിങ്ങൽ നിയോജക മണ്ഡലത്തിലെ ആലംകോട്-മീരാൻകടവ് റോഡിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ? | (എ) | ആലംകോട്-മീരാങ്കടവ് റോഡ് പ്രവൃത്തിക്ക് 20/08/2016-ൽ തത്വത്തിൽ ഭരണാനുമതിയും കിഫ്ബിയിൽ നിന്ന് 31.33 കോടി രൂപയുടെ സാമ്പത്തികാനുമതിയും ലഭിച്ചിട്ടുണ്ട്. 03/07/2020 ൽ പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകി 14/07/2020-ൽ ടെൻഡർ ചെയ്തിരുന്നു. 13/10/2020-ൽ ഏറ്റവും കുറവ് തുകയായ 32.98 കോടി രേഖപ്പെടുത്തിയ കരാറുകാരനുമായി കരാറിൽ ഏർപ്പെട്ടു സൈറ്റ് കൈമാറിയിട്ടുണ്ട്.<br>ആകയുള്ള 9.25 കി.മീ നീളത്തിൽ, ആലംകോട് മുതൽ തൊപ്പിച്ചന്ത വരെയുള്ള 2.670 കിലോമീറ്റർ റോഡ് ലൈം സ്റ്റെബിലൈസ്സേഷൻ ഉപയോഗിച്ച് സബ്ഗ്രേഡ് നിർമ്മാണം, ജി.എസ്.ബി, ഡബ്ള്യു.എം എം, ഡി.ബി.എം എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. വാട്ടർ അതോറിറ്റിയുടെ യൂട്ടിലിറ്റി മാറ്റുന്നതിനായി 75.68 ലക്ഷം രൂപയും കെ.എസ്.ഇ.ബി യുടെ യൂട്ടിലിറ്റി മാറ്റുന്നതിനായി 87.30 ലക്ഷം രൂപയും കിഫ്ബിയിൽ നിന്ന് അതാത് വകുപ്പുകൾക്ക് കൈമാറിയിട്ടുണ്ട്. വാട്ടർ അതോറിറ്റിയുടെ പൈപ്പ്ലൈനുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി മണനാക്ക് ജംഗ്ഷൻ വരെ പൂർത്തീകരിക്കുകയും മണനാക്ക് മുതൽ കടക്കാവൂർ വരേയുള്ള പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. വിവിധ സെക്ഷനുകളുടെ കീഴിലായി ടി റോഡിലെ കെ.എസ്.ഇ.ബി. പോസ്റ്റുകളും മാറ്റി സ്ഥാപിക്കുന്നുണ്ട്. അതോടൊപ്പം തന്നെ തൊപ്പിച്ചന്ത മുതൽ മണനാക്ക് വരെയുള്ള റോഡിന്റെ വിവിധ നിർമാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. ടി ഭാഗത്തെ സബ്ഗ്രേഡ് ലൈം ഉപയോഗിച്ചു ബലപ്പെടുത്തുന്ന പ്രവൃത്തിയാണ് നിലവിൽ നടന്ന് വരുന്നത്. |

സെക്ഷൻ ഓഫീസർ